(ജി) രണ്ടാംഘട്ടം 2011 മാർച്ച് 31-നും മൂന്നാംഘട്ടത്തിൽ ഭൂമി കൈമാറിയ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2011 ഒക്ടോബർ 31-നും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

കരമന-കളിയിക്കാവിള റോഡ് വികസനം

195 (645) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന മുതൽ കളിയിക്കാവിളവരെയുള്ള റോഡ് വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര മീറ്ററായാണ് വികസിപ്പിക്കുന്നത് ;

(ബി) റോഡ് വികസനം ഏത് ഘട്ടം വരെയായി ; എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ;

(സി) റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുമ്പോൾ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടിവരും ; എന്തൊക്കെ നഷ്ടപരിഹാരങ്ങളാണ് നൽകുന്നത് ;

(ഡി) റോഡ് വികസനത്തിന്റെ സ്കെച്ചും പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. 30.20 മീറ്റർ വീതിയിലാണ് റോഡ് വികസിപ്പിക്കുന്നത്.

(ബി) റോഡ് വികസനത്തിനായുള്ള സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ നടന്നുവരികയാണ്.

(സി) റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടം സംഭവിക്കുന്നവർക്ക് ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നതാണ്.

(ഡി) റോഡ് വികസനത്തിന്റെ സ്കെച്ചും പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. ആയത് നൽകുവാനായി ദേശീയപാത ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്.

കരമന-കളിയിക്കാവിള ദേശീയപാത വികസനം

196 (646) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ വാഹീദ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly